# നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിലുള്ള 51–ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2018 ജനുവരി 10 മുതൽ 14 വരെ ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തുന്ന കൺവൻഷൻ 10–ാം തീയതി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. വിവിധ ദിവസങ്ങളിലായി ഗാനശുശ്രൂഷ, കൺവൻഷൻ പ്രസംഗങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ കൂടാതെ 12–ന് വെള്ളിയാഴ്ച മർത്തമറിയം സമാജം സമ്മേളനവും 13–ന് ശനിയാഴ്ച സണ്ടേസ്കൂൾ ബാലസംഗമവും കൺവൻഷൻ പന്തലിൽ വച്ച് നടത്തുന്നതായിരിക്കും. വിവിധ ദിവസങ്ങളിൽ റവ.ഫാ.ഡോ.വർഗീസ് വർഗീസ് മീനടം, റവ.ഫാ.ഫിലിപ്പ് തരകൻ തേവലക്കര, റവ.ഫാ.എബി ഫിലിപ്പ് മാവേലിക്കര, പ്രൊഫ.ഇട്ടി വർഗീസ് അടൂർ തുടങ്ങിയവർ വചനപ്രഘോഷണം നടത്തുന്നതാണ്. സമാപന ദിവസമായ ജനുവരി 14–ന് ഞായറാഴ്ച അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത വി.കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നതാണ്. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഇടിക്കുള എം.ചാണ്ടി ജനറൽ കൺവീനറായിട്ടും ഭദ്രാസന കൗൺസിൽ അംഗങ്ങൾ വിവിധ സബ് കമ്മറ്റികളുടെ കൺവീനർമാരായും പ്രവർത്തനം ആരംഭിച്ചു.